# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം
# DIET,പാലക്കാട്

ആകെ മാർക്ക് -80 സമയം-2 1/2 മണിക്കൂർ

നിർദ്ദേശങ്ങൾ :

- ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ
- A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്ന .

**പാർട്ട് -I**

**A- 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(1 സ്കോർ വീതം)**( 4x1=4)

1." പ്രാതിനിധ്യമില്ലാതെ നികുതിയില്ല" അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിൽ മുഴങ്ങി കേട്ട ഈ മുദ്രാവാക്യത്തിന് രൂപംനല്കിയതാര് .

(ജോർജ് വാഷിംഗ്ടൺ,ജയിംസ് ഓട്ടീസ് , തോമസ് പെയിൻ,ജയിംസ് മാഡിസൺ)

2.താഴെ തന്നിട്ടുള്ളവയിൽ ഇന്ത്യയുടെ കേന്ദ്രബാങ്ക് ഏതാണ് ?

(സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,ഇന്ത്യൻ ഓവർസീസ് ബാങ്ക് , റിസർവ്വ് ബാങ്ക് ഓഫ്ഇന്ത്യ, ഫെഡറൽ ബാങ്ക് )

3.യോഗക്ഷേമ സഭയുടെ സ്ഥാപകനാര് ?

(വി.ടി.ഭട്ടതിരിപ്പാട് , ശ്രീനാരായണ ഗുരു,വാഗ്ഭടാനന്ദൻ,ചട്ടമ്പിസ്വാമികൾ)

4.രാഷ്ട്രത്തെ സമഗ്രമായി വിശകലനം ചെയ്ത ആദ്യകൃതിയാണ് 'പൊളിറ്റിക്സ്'.ആരാണ് ഇതിന്റെ രചയിതാവ് .

(പ്ലേറ്റോ,സോക്രട്ടീസ് , മാക്യവെല്ലി,അരിസ്റ്റോട്ടിൽ)

5.താഴെ തന്നിരിക്കുന്നവയിൽ ഖാരിഫ് വിളയേത് ?

(നെല്ല് , ഗോതമ്പ് , പുകയില,കടുക് )

6.സമൂഹ ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നതാര് ?

(ഹെർബർട്ട് സ്പെൻസർ,എ.ആർ.ദേശായി,അഗസ്റ്റ് കോംതെ,മാക്സ് വെബർ)

**B- 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.**

**(1 സ്കോർ വീതം) ( 4x1=4)**

7.അമിത ലാഭം,പൂഴ്ത്തിവെയ്പ്പ് , കരിഞ്ചന്ത തുടങ്ങിയവയിൽ നിന്നും ഉപഭോക്താവിനെ സംരക്ഷിക്കുന്ന നിയമമേത് ?

(അവശ്യ സാധന നിയമം ,സാധന വില്പന നിയമം,അളവു തൂക്ക നിലവാര നിയമം, കാർഷികോൽപ്പന്ന നിയമം)

DIET PALAKKAD

8.സ്വാമി ദയാനന്ദ സരസ്വതി സ്ഥാപിച്ച പ്രസ്ഥാനമേത് ?

(പ്രാർത്ഥനാ സമാജം,ഹിതകാരിണി സമാജം,ആര്യസമാജം,സത്യശോധക് സമാജം)

9.ഫോർവാർഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് രൂപം നല്കിയതാര് ?

(അരുണ ആസഫലി,ക്യാപ്റ്റൻ ലക്ഷ്മി,സുഭാഷ് ചന്ദ്രബോസ് , ജയപ്രകാശ് നാരായണൻ)

10.റോക്കീ പർവതത്തിന്റെ കിഴക്കേ ചരിവിലൂടെ വീശുന്ന പ്രാദേശിക വാതം അറിയപ്പെട്ടുന്നത് ഏത് പേരിലാണ് ?

(ഹർമാറ്റൻ,മാംഗോഷവർ,ലൂ,ചിനൂക്ക് )

## പാർട്ട് - II

**A-11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം) (3x2=6)**

11.അന്തരീക്ഷ മർദ്ധവും താപവും വിപരീതാനുപാതത്തിലാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് സമർത്ഥിക്കുക.

12.ഇന്ത്യൻ സ്റ്റാൻഡേർഡ്(IST) സമയം എന്നാൽ എന്താണ് ?

13.ഇന്ത്യൻ ജനതയിൽ ദേശീയ ഐക്യം വളർത്താൻ സഹായിച്ച ചിത്രങ്ങളിലൊന്നായിരുന്നു നന്ദലാൽ ബോസിന്റെ 'ഗ്രാമീണചെണ്ടക്കാരൻ'.കലാമേഖലയിൽ ദേശീയത വളർത്താൻ സഹായിച്ച രണ്ടു സൃഷ്ടികളുടെ പേരെഴുതുക.

14.ക്വിറ്റിന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണമെഴുതുക.

15.ആകാശീയ വിദൂര സംവേദനം എന്താണ് ? ഇതിന്റെ ഒരു ഗുണം രേഖപ്പെടുത്തുക.

**B-16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം) (2x2=4)**

16.ധരാതലീയ ഭൂപടങ്ങളിലെ കോണ്ടൂർ രേഖകളുടെ നേർക്കാഴ്ച സാധ്യതകൾ പ്രയോജനപ്പെടുത്താവുന്ന ഏതെങ്കിലും രണ്ടു സന്ദർഭങ്ങൾ എഴുതുക.

17.ഇന്ത്യയിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ടു ഘടകങ്ങൾ രേഖപ്പെടുത്തുക.

18.ഇന്ത്യയിലെ ധാതു അധിഷ്ഠിത വ്യവസായങ്ങളിൽ ഏറ്റവും വലുത് ഏതാണ് ? ഈ വ്യവസായത്തിനാവശ്യമായ രണ്ട് അസംസ്കൃത ധതുക്കളുടെ പേരെഴുതുക.

DIET PALAKKAD

**പാർട്ട് - III**


**A-19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4 സ്കോർ വീതം)(3x4=12)**

19.പട്ടിക പൂർത്തിയാക്കുക.

| ദിനം | സൂര്യന്റെ സ്ഥാനം | ദിനത്തിന്റെ പേര് |
|---|---|---|
| മാർച്ച് 21 | A | സമരാത്രദിനം |
| B | ഉത്തരായന രേഖ | ഗ്രീഷ്മ അയനാന്തം |
| സെപ്റ്റംബർ 23 | ഭൂമധ്യ രേഖ | C |
| ഡിസംബർ 22 | D | ശൈത്യ അയനാന്തം |

20.നല്കിയിട്ടുള്ള മാതൃകാ ഗ്രിഡ് പരിശോധിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




a.പാലത്തിന്റെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക.

b.8334 ഗ്രിഡ് റഫറൻസിലൂടെ സൂചിപ്പിക്കുന്ന ഭൂസവിശേഷത ഏത് ?

c.കിണറിന്റെ ഏതു ദിശയിലാണ് ശവപ്പറമ്പ് ?

d.8535 ഗ്രിഡ് റഫൻസ് ഏത് ഭൂസവിശേഷതയെയാണ് സൂചിപ്പിക്കുന്നത് ?

21.പഞ്ചശീല തത്വങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

22.ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

a.നർമ്മദാനദി b.ആരവല്ലി പർവതം c.ഉത്തുകുടി തുറമുഖം d.ഛോട്ടനാഗപ്പൂർ പീഠഭൂമി

23.ഭാരതീയ റിസർവ് ബാങ്കിന്റെ പ്രധാന ധർമ്മങ്ങൾ രേഖപ്പെടുത്തുക.

**B.24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

**(4 സ്കോർ വീതം)(1x4=4)**

24.എ കോളത്തിന് അനുയോജ്യമായവ ബി കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ | വി.ഡി.സവർക്കർ |
| അഭിനവ് ഭാരത് സൊസൈറ്റി | ജയപ്രകാശ് നാരായണൻ |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | സൂര്യസെൻ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | ഭഗത് സിങ്ങ് |

25.പൗരബോധം വളർത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

**പാർട്ട് - IV**

**A-26 മുതൽ29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(6 സ്കോർ വീതം)(3x6=18)**

26.ആഗോള മർദ്ദമേഖലകൾ ഏതെല്ലാം?ഏതെങ്കിലും രണ്ടു മർദ്ദമേഖലകൾ രൂപം കൊള്ളുന്ന വിധം വിശദീകരിക്കുക.

27.ഇന്ത്യൻ സിവിൽ സർവീസിന്റെ വിവിധ മേഖലകളെ കുറിച്ച് ഉദാഹരണസഹിതം വിശദീകരിക്കുക

28.മാനവ വിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രധാന്യം വ്യക്തമാക്കുക. വിദ്യാഭ്യാസവും നൈപുണിയും വർധിപ്പിക്കാൻ രാജ്യത്ത് നടപ്പാക്കിയ ഏതെങ്കിലും രണ്ട് പദ്ധതികൾ എഴുതുക.

29.“രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മചെയ്യലാണ് ”ജെർമി ബന്താമിന്റെ വാക്കുകളുടെ അടിസ്ഥാനത്തിൽ രാഷ്ട്രത്തിന്റെ പ്രധാന ചുമതലകളെ കുറിച്ച് വിശദമാക്കുക.

**B-30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(6 സ്കോർ വീതം)(2x6=12)**

30.പൊതു ധനകാര്യവുമായി ബന്ധപ്പെട്ട് താഴെ നല്കീട്ടുള്ളവയെ വിശദീകരിക്കുക.

a.ബജറ്റ് b.ധനനയം

31.നവസാമ്രാജ്യത്വത്തിന്റെ പ്രധാന ആശയങ്ങളായ ആഗോളവൽക്കരണം,ഉദാരവൽക്കരണം,സ്വാകാര്യവൽ ക്കരണം എന്നിവ എന്താണെന്ന് വ്യക്തമാക്കുക.

32.അസ്ഥിര വാതങ്ങൾ എന്താണ് ? പ്രധാന അസ്ഥിരവാതങ്ങൾ ഏതെല്ലാം? വിശദമാക്കുക

DIET PALAKKAD

DIET PALAKKAD

## പാർട്ട് -V

**A-33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

(8 സ്കോർ വീതം)(2x8=16)

33.തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തെ കുറിച്ച് വിശദീകരിക്കുക.

- ഏകാധിപത്യഭരണ സംവിധാനം
- ചിന്തകൻമാരുടെ സ്വാധീനം
- ഫ്രഞ്ച് സമൂഹത്തിന്റെ അവസ്ഥ
- ടെന്നീസ് കോർട്ട് പ്രതിജ്ഞ

34.സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങളാണ് ഒന്നാം ലോക യുദ്ധത്തിന് വഴി തെളിയിച്ചത് .തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

- സൈനിക സഖ്യങ്ങൾ
- തീവ്രദേശീയത
- സാമ്രാജ്യത്വ പ്രതിസന്ധികൾ
- യുദ്ധത്തിന്റെ ഫലങ്ങൾ

35.ബ്രിട്ടീഷ് ഇന്ത്യയിൽ ഭൂനികുതികളിൽ വരുത്തിയ മാറ്റങ്ങൾ കാർഷിക മേഖലയെ എപ്രകാരമാണ് ബാധിച്ചതെന്ന് വിവിധതരം ഭൂനികുതികളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

